# നാല്പതാം വെള്ളിയാഴ്ചയിലെ ശുശ്രൂഷക്രമം

(An order of worship for the

40th day (Friday) in Lent)

## കൌമ്മാ

പ: പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജ: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ചൊരിയുമാറാകണമെ. ആമ്മീൻ.

## പ്രാരംഭപ്രാർത്ഥന

പ: ദൈവമായ കർത്താവേ, ഉപവാസത്താലും പ്രാർത്ഥനയാലും ഹൃദയവിശുദ്ധിയുള്ളതും പ്രകാശമുള്ളതുമായ ഈ പെരുന്നാൾ ആഘോഷിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാനേരവും കരേറ്റുമാറാകണമെ.

ജ: ആമ്മീൻ.

## 51–ാം മസുമൂർ

പ: ദൈവമേ, നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യേണമേ-നിന്റെ കരുണകളുടെ ബഹുത്വപ്രകാരം എന്റെപാപങ്ങൾ മായിച്ചുകളയണമെ

ജ: എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി–എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ.

പ: എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു –, എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

ജ: നിന്നോടു നിന്നോടു തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പാകെ തിന്മകൾ ഞാൻ ചെയ്തു.

പ: നീ സംസാരിക്കുമ്പോൾ നീതിമാനായും – നീ ന്യായം വിധിക്കുമ്പോൾ കുറ്റമില്ലാത്തവനായും ഇരിക്കേണ്ട– തിനുതന്നെ.മാതാവ് എന്നെ ഗർഭം ധരിച്ചു.

പ: എന്നാൽ സത്യത്തിൽ നീ പ്രസാദിച്ചു – നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ നീ എന്നെ അറിയിച്ചു.

ജ: നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ തളിക്കണമെ– ഞാൻ നിർമ്മലനാകും. അതിനാൽ എന്നെ നീ വെളുപ്പിക്കേണമേ – ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെൺമയുള്ളവനാകും.

പ: നിന്റെ സന്തോഷവും ആനന്ദവും കൊണ്ടു എന്നെ തൃപ്തനാക്കേണമേ ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ ഉല്ലസിക്കും.

ജ: എന്റെ പാപങ്ങളിൽനിന്നും നിന്റെ മുഖം തിരിച്ച് - എന്റെ അതിക്രമങ്ങളൊക്കെയും മായിച്ചു കളയണമെ.

പ: ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കേണമേ സ്ഥിരമായുള്ളോരാത്മാവിനെ എന്റെ ഉള്ളിൽ പുതുക്കണമെ.

ജ: നിന്റെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ നിന്റെ വിശുദ്ധറൂഹായെ എന്നിൽ നിന്ന് എടുക്കയും അരുതേ.

പ: നിന്റെ രക്ഷയും ആനന്ദവും എനിക്കു തിരിച്ചുതരേണമേ - മഹത്വമുള്ള നിന്റെ റൂഹാ എന്നെ താങ്ങുമാറാകണമെ.

ജ: എന്നാൽ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

പ: എന്റെ രക്ഷയുടെ ദൈവമായ എന്റെ ദൈവമേ, രക്തപാതകത്തിൽ നിന്നു എന്നെ രക്ഷിക്കണമെ

എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും.

ജ: കർത്താവെ, എന്റെ അധരങ്ങളെ തുറക്കണമേ എന്റെ വായ് നിന്റെ സ്തുതികൾ പാടും.

പ: എന്തെന്നാൽ യാഗങ്ങളിൽ നീ ഇഷ്ടപ്പെട്ടില്ല - ഹോമയാഗങ്ങളിൽ നീ പ്രസാദിക്കുന്നതുമില്ല.

ജ: ദൈവത്തിന്റെ യാഗങ്ങൾ താഴ്മയുള്ള ആത്മാവാകുന്നു - ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

പ: നീ പ്രസാദിച്ച് സെഹിയോനോടു നന്മചെയ്യണമേ - ഊർശ്ലേമിന്റെ മതിലുകളെ പണിയണമെ.

ജ: അപ്പോൾ നീതിയാഗങ്ങളിലും ഹോമയാഗ ങ്ങളിലും നീ പ്രസാദിക്കും - അപ്പോൾ അവർ നിന്റെ യാഗപീഠത്തിന്മേൽ കാളകളെ അർപ്പിക്കും ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

പ: പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജ: ആദിമുതൽ എന്നെന്നേക്കും തന്നെ. ആമ്മീൻ.

## പ്രോമ്യോൻ

പ: നാമെല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം

ജ: അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് സഹായിക്കണമെ.

പ: സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും മാഞ്ഞുപോകാത്ത മഹിമയും നിത്യവും നിരന്തരവും

അർപ്പിക്കുവാൻ ഞങ്ങൾ യോഗ്യതയുള്ള-വരായിത്തീരണമെ.തന്റെ മഹത്വത്തിന് അതിർത്തിയില്ലാത്തവനും, ഗ്രഹിക്കാവതല്ലാത്ത സത്തയുള്ളവനും, അവസാ നമില്ലാത്ത കർത്തൃത്വവുമുള്ളവനായ കർത്താവിനു സ്തുതി. തന്റെ ദാസരും പാപികളുമാകുന്ന ഞങ്ങളെ വിശുദ്ധവും ജീവൻ നല്കുന്നതുമായ തന്റെ കഷ്ടാനു ഭവത്തെ കൈക്കാ ള്ളുവാനും തന്റെ കൃപയാൽ പെസഹായുടെയും മഹത്വമുള്ള ഉയിർപ്പിന്റെയും പെരുന്നാൾ ആഘോഷിപ്പാനും യോഗ്യരാക്കിയവനും ആയ തനിക്ക്, ഈ നേരത്തും സകല പെരുന്നാളുകളിലും കാലങ്ങളിലും സമയങ്ങളിലും നമ്മുടെ ആയുഷ്കാലം മുഴുവനും ഇളവു കൂടാതെ സ്തുതിയും മാഞ്ഞുപോകാത്ത ബഹുമാനവും ഛേദം കൂടാത്ത പുകഴ്ചയും യോഗ്യമായിരിക്കുന്നു. ഹോശോ വബ് കൂൽസ് ബാൻല് ഒൽമീൻ.

ജ: ആമ്മീൻ.

## സെദറാ

പ: ഞങ്ങളുടെ ശ്രേഷ്ഠദൈവവും രക്ഷകനുമായ യേശുമശിഹായായുള്ളോവേ, നീ ജഡപ്രകാരം ഞങ്ങൾക്കുവേണ്ടി നോമ്പു നോൽക്കുകയും, നിന്റെ നോമ്പാലും പോരാട്ടത്താലും നാശം കൂടാത്ത ജീവിത മാർഗ്ഗത്തെ ഞങ്ങൾക്കു കാണിച്ചുതരികയും ചെയ്തുവല്ലോ. ആകൽക്കറുസായോടുള്ള യുദ്ധമാകുന്ന നോമ്പിന്റെ അവസാനത്തിൽ ഞങ്ങളുടെ ശത്രുവിനെ നീ

കീഴ്പ്പെടുത്തുകയും, നിന്റെ വലിയ ജയത്താൽ കുറ്റക്കാരായ ഞങ്ങളെ നീ കുറ്റമറ്റവരാക്കിത്തീർക്കുകയും ചെയ്തതിനാൽ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

നിന്റെ കൃപയാൽ ഞങ്ങളുടെ നോമ്പിന്റെ അവസാനത്തിൽ നിന്റെ വിശേഷതരമായ ദാനങ്ങൾക്കും നിന്റെ ദൈവീക നൽവരങ്ങൾക്കും ഞങ്ങളെ യോഗ്യതയുള്ളവരാക്കണമെ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ പോരാട്ടത്തിന്റെ അവസാനത്തിൽ സത്യനോമ്പുകാർക്ക് നീ വാഗ്ദാനം ചെയ്തിട്ടുള്ള നല്ല കൂലിക്കും നിന്റെ വിശുദ്ധന്മാർക്കു പറുദീസയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഇമ്പത്തിനും, അദ്ധ്വാനിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന പ്രകാശമുള്ള മണവറയ്ക്കും, പൂർണ്ണന്മാർക്ക് അവകാശമായ ഉന്നതവും മാന്യവുമായ പദവിക്കും, സൽസ്വഭാവികൾക്കുള്ള പ്രഭയ്ക്കും അലങ്കാരത്തിനും ഭംഗിക്കും, നിന്റെ കൃപയാൽ പരിശോധിച്ചു എടുത്തിട്ടുള്ളവരായ നോമ്പുകാർക്കു ഒരുക്കിയിട്ടുള്ള സങ്കേത സ്ഥാനത്തിനും, വിസ്മയനീയമായി കുറ്റമറ്റവരും ശ്രേഷ്ഠരുമായവർക്കുള്ള ജയത്തിനും, ബഹുമാനമുള്ളവരോടു കൂടിയുള്ള സന്തോഷത്തിനും ആനന്ദത്തിനും ആഹ്ലാദത്തിനും ഞങ്ങളെ യോഗ്യതയുള്ളവരാക്കണമെ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ പോരാട്ടത്തിന്റെ അവസാനത്തിൽ പ്രകാശമുള്ളവരുടെ ഏദനിൽ ഭാഗ്യകരവും മഹത്തരവുമായ സന്തോഷങ്ങൾക്കും,

നീതിമാന്മാരുടെ അവകാശത്തിനും, കരുണയുള്ളവരുടെ ഭാഗ്യങ്ങൾക്കും, സഹദേന്മാരുടെയും ഏറ്റുപറച്ചിൽക്കാരുടെയും അനശ്വരമായ കീരിടങ്ങൾക്കും, വലഞ്ഞിരിക്കുന്നവരും നിന്റെ സ്നേഹം നിമിത്തം പീഡിപ്പിക്കപ്പെട്ടവരുമായവരുടെ തുറമുഖത്തിനും ആശ്വാസത്തിനും, നിന്റെ തോഴർക്കായി ഒരുക്കിയിരിക്കുന്ന വിരുന്നിനും, ഉത്തമർക്കായുള്ള ഭക്ഷണത്തിനും കന്യാവ്രതക്കാർക്കുവേണ്ടി കരുതിയിരിക്കുന്ന പ്രകാശത്തിനും, അദ്ധ്വാനികൾക്കു ഒരുക്കിയിരിക്കുന്ന വലിയ ആശ്വാസത്തിനും, നീതിമാന്മാരും പുണ്യവാന്മാരും ദുഃഖിതന്മാരും സന്തോഷിക്കുന്ന ആത്മീയവിരുന്നിനും, ഉപവാസികൾ നോക്കിയിരിക്കുന്ന ശരണത്തിനും, വിശുദ്ധന്മാരോടുകൂടിയുള്ള സംസർഗ്ഗത്തിനും, സത്യ നോമ്പുകാരുടെ ഐശ്വര്യത്തിനും പ്രഭയ്ക്കും ഞങ്ങളെ യോഗ്യതയുള്ളവരാക്കണമെ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ പോരാട്ടത്തിന്റെ അവസാനത്തിൽ ദരിദ്രരോടുകൂടിയുള്ള ആത്മീയ സന്തോഷങ്ങൾക്കും ക്ഷണിക്കപ്പെട്ടവരെ വിരുന്നിനു ഇരുത്തുന്നതായ ഭാഗ്യങ്ങളുടെ മേശക്കും പുണ്യവാന്മാരുടെ മാതാവായ ആന്തരിക സെഹിയോനും അതിൽ ആചാര്യന്മാരും ഉത്തമന്മാരായ ശുശ്രൂഷക്കാരും ശുശ്രൂഷ ചെയ്യുന്ന കടിഞ്ഞൂലു കളുടെ സഭക്കും, തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കുഞ്ഞാടു കളോടു കൂടിയുള്ള നിന്റെ

വലത്തു ഭാഗത്തെ നിലയ്ക്കും, സ്വർഗ്ഗരാജ്യത്തിലേക്ക് ക്ഷണി ക്കുന്നതുമായ ശബ്ദത്തിനും താഴ്മയുള്ളവർക്കുള്ള ഉന്നതിക്കും, പരിപാകതയുള്ളവർക്കുള്ള പുകഴ്ചക്കും, ആത്മീയ മാലാഖമാരുടെ സ്തുതിക്കും അഗ്നിമ യന്മാരുടെ ഹാലേലൂയ്യാകൾക്കും; നിന്റെ കർത്തൃമ ഹത്വത്തിനും, നിന്റെ ദൈവീക സ്തോത്രത്തിനും, വെടിപ്പുള്ള നിരൂപണങ്ങളോടും വെണ്മയുള്ള വിചാരങ്ങളോടും നിർമ്മല നാവുകളോടും പരമാർത്ഥികളായ പൈതങ്ങളോടും കൂടെ ആന്തരികമായ ഊശാനകളാൽ നിന്റെ എതിരേല്പിനു പുറപ്പെടുവാനും, ബുദ്ധിയുള്ളവരായ കന്യകമാരോടു കൂടെ പ്രകാശമുള്ള ദീപയഷ്ടികളാൽ ശരിയായി നിന്നെ എതിരേല്പാനും വിശുദ്ധ ശ്ലീഹന്മാരോടുകൂടെ രഹസ്യത്തിനടുത്ത മുത്താഴത്തിൽ നിന്നോടുകൂടെ ഇമ്പപ്പെടുവാനും, നിന്റെ സൃഷ്ടികളോടുകൂടെ നിന്നോടുകൂടെ എന്നവണ്ണം നന്നായി കഷ്ടപ്പെടുവാനും, വലത്തുഭാഗത്തെ കള്ളനോടും യൌസേപ്പിനോടും നിക്കോദിമോസിനോടും എന്നവണ്ണം വിശ്വാസത്തോടുകൂടെ നിന്റെ കബറടക്കത്തെ ബഹുമാനിപ്പാനും, മൂന്നു ദിവസം നിന്നോടുകൂടെ കബറടക്കപ്പെടുവാനും, നീതികരിക്കപ്പെട്ട് നാശം കൂടാതെ നിന്നോടുകൂടെ ഉയർത്തെഴുന്നേല്ക്കപ്പെടുവാനും, മാലാഖമാരോടുകൂടെ നിന്റെ ഉയർത്തെഴുന്നേല്പിനെ പരസ്യമായി സുവിശേഷിപ്പാനും, നിന്റെ സമാധാനത്തിൽ സന്തോഷിപ്പാനും,

ആത്മീയമായി നിന്റെ വിശുദ്ധ വായിൽനിന്നുള്ള ദൈവീകമായ ഊത്തിനെ പ്രാപിപ്പാനും, ജീവൻ നൽകുന്നതായ നിന്റെ തിരുവിലാവിനെ സ്പർശിപ്പാനും, സന്തോഷത്തോടുകൂടെ നിന്റെ ആവാസത്തെ ന്യായമായിട്ടു കൈകൊള്ളുവാനും, സ്വർഗ്ഗീയ ഉന്നതത്തിലേക്ക് നിന്നോടുകൂടെ ആത്മീയ മായി കരേറുവാനും, നിന്റെ പിതാവിന്റെ വലത്തു ഭാഗത്തു നിന്നോടുകൂടെ മഹത്വത്തോടെ ഇരിപ്പാനും, നിന്റെ വിശുദ്ധ ശ്ലീഹന്മാരിൽ എന്നപോലെ ആശ്വാസപ്രദനായ ആത്മാവ് ഞങ്ങളിൽ വസിപ്പാനും, മൌനം വിട്ട് ഞങ്ങൾ അതിനെ കണ്ടെത്തുവാനും, വിശുദ്ധ ശ്ലീഹന്മാരോടുകൂടെ യോഗ്യമായ വിധത്തിൽ നിന്നെ പ്രാബല്യപ്പെടുത്തുവാനും, സാരാംശ പ്രകാരം നിന്നെയും നിന്റെ പിതാവിനെയും നിന്റെ വിശുദ്ധറൂഹായേയും എല്ലായ്പ്പോഴും മഹത്വീകരിക്കുവാനും ഞങ്ങളെ യോഗ്യരാക്കേണമേ. ഹോശോവബ് കൂൽസ്ബാൻല് ഒൽമീൻ.

ജ: ആമ്മീൻ.

### എത്രാ (ധൂപ പ്രാർത്ഥന)

പ: ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നോമ്പിന്റെ അവസാനത്തിൽ നിന്റെ കർത്തൃത്വത്തിനു ഞങ്ങൾ അണച്ചിരിക്കുന്ന പ്രാർത്ഥനയാകുന്ന പരിമള

ധൂപത്തെ നിന്റെ കൃപയാൽ കൈക്കൊള്ളണമെ. വെടിപ്പുള്ള മനസ്സാക്ഷിയോടും നല്ല വിവേകത്തോടും കൂടെ ഞങ്ങളുടെ ഹൃദയത്തിൽ നിന്നു ഞങ്ങൾ അണച്ചിരി ക്കുന്ന ആത്മീയ ഫലങ്ങളെ കൈക്കൊള്ളണമെ. ഇവ നിന്റെ തിരുസന്നിധിയിൽ ആദി മുതലുള്ള നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും വഴിപാടുകൾ പോലെ ആയിത്തീരണമെ. നിന്റെ വിശുദ്ധ സഭ മുഴുവനിൽ നിന്നും പാപമാകുന്ന പകർച്ച വ്യാധിയും ആത്മാക്കളെ നശിപ്പിക്കുന്ന ക്ഷാമവും ഹൃദയങ്ങളെ പീഡിപ്പിക്കുന്ന ഞെരുക്കവും വിരോധിക്കപ്പെടണമെ. നിന്റെ തിരുവിഷ്ടം പ്രവർത്തിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന സന്തോഷ ത്തിനു ഞങ്ങൾ യോഗ്യരായിത്തീരുകയും, ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും നിന്റെ വിശുദ്ധറൂഹായെയും സ്തുതിക്കയും ചെയ്യുമാറാകണമെ. ഹോശോ വബ് കൂൽസ് ബാൻല് ഒൽമീൻ.

ജ: ആമ്മീൻ.

**വേദവായന:**

**യിരെ. 7:1-17, 1 പത്രോ. 1:13-22**

**ഏവൻഗേലിയോൻ:**

പ: നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജ: ദൈവമായ കർത്താവ് നിന്റെ ആത്മാവോടുകൂടെ ഞങ്ങളെയും യോഗ്യതയുള്ളവരാക്കട്ടെ.

**(വി: ലൂക്കോ. 4:1–13)**

യേശു പരിശുദ്ധാത്മാവ് നിറഞ്ഞവനായി യോർദ്ദാൻ വിട്ടു മടങ്ങി; ആത്മാവു അവനെ മരുഭൂമിയിലേക്കു നടത്തി; പിശാച് അവനെ നാല്പതു ദിവസം പരീക്ഷിച്ചുകൊണ്ടിരുന്നു. ആ ദിവസങ്ങളിൽ അവൻ ഒന്നും ഭക്ഷിച്ചില്ല; അവ കഴിഞ്ഞപ്പോൾ അവന്നു വിശന്നു. അപ്പോൾ പിശാച് അവനോടു: നീ ദൈവപുത്രനെങ്കിൽ ഈ കല്ലിനോടു അപ്പമായിത്തീരുവാൻ കല്പിക്ക എന്നു പറഞ്ഞു. യേശു അവനോടു: മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നതു എന്നു എഴുതിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു. പിന്നെ പിശാചു അവനെ മേലോട്ടു കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ സകലരാജ്യങ്ങളെയും ക്ഷണനേരത്തിൽ അവന്നു കാണിച്ചു: ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും നിനക്കു തരാം; അതു എങ്കൽ ഏല്പിച്ചിരിക്കുന്നു; എനിക്കു മനസ്സുള്ളവനു ഞാൻ കൊടുക്കുന്നു. നീ എന്നെ നമസ്കരിച്ചാൽ അതെല്ലാം നിന്റേതാകും എന്നു അവനോടു പറഞ്ഞു. യേശു അവനോടു: നിന്റെ ദൈവമായ കർത്താവിനെ നമസ്ക

രിച്ചു അവനെ മാത്രമേ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു. പിന്നെ അവൻ അവനെ യെരുശലേമിലേക്കു കൂട്ടിക്കൊണ്ടുപോയി ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി അവനോടു: നീ ദൈവപുത്രൻ എങ്കിൽ ഇവിടെ നിന്നു താഴോട്ടു ചാടുക."നിന്നെ കാപ്പാൻ അവൻ തന്റെ ദൂതന്മാരോടു നിന്നെക്കുറിച്ചു കല്പിക്കയും നിന്റെ കാൽ കല്ലിനോടു തട്ടാതെവണ്ണം അവർ നിന്നെ കയ്യിൽ താങ്ങിക്കൊള്ളുകയും ചെയ്യും" എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. യേശു അവനോടു: നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുതു എന്നു അരുളിച്ചെയ്തിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു.അങ്ങനെ പിശാചു സകല പരീക്ഷയും തികെച്ച ശേഷം കുറെ കാലത്തേക്കു അവനെ വിട്ടുമാറി.

പ: നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജ: ദൈവമായ കർത്താവ് നിന്റെ ആത്മാവോടുകൂടെ ഞങ്ങളെയും യോഗ്യതയുള്ളവരാക്കട്ടെ...

ഗീതം

മോറാനീശോമ്ശിഹായേ നിൻ അനുഗ്രഹമാംവാതിൽ

ഞങ്ങൾക്കെതിരായ് ഒരുനാളും അടച്ചീ-ട-രു-തെ

നാഥാ ഞങ്ങൾ പാപികളെന്നേറ്റീടുന്നു

നിൻ അനുഗ്രഹമെങ്ങൾമേൽ ചൊരിഞ്ഞീടണമേ

നിൻ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോവാൻ

നിൻ സ്നേഹം നിന്നെ ഇറക്കി-കൊണ്ടുവ-ന്നു

കർത്താവേ നിൻ അനുഗ്രഹ-മെങ്ങളുടെ മേൽ

പൊഴിക്കണമേ എന്നുമെന്നേ-ക്കും ആമ്മീൻ.

## കൌമ്മാ

## വിശ്വാസപ്രമാണം

(പേജ് - 15)